ജി.വി.എച്ച്.എസ്.എസ് കൊറ്റൻകുളങ്ങര

# രജതം

ഡിജിറ്റൽ മാഗസിൻ 2018-19

# രജതം

**എന്റെ ജീവിതമാണ് എന്റെ സന്ദേശം.**




# ലിറ്റിൽ കൈറ്റ്സ്

## ജി വി എച്ച് എസ് എസ് കൊറ്റംകുളങ്ങര

# മുഖമൊഴി......

അറിവിന്റെ അനന്തമായ ആകാശത്തിലേക്കുള്ള ജാലകവാതിലുകൾ തുറന്നിട്ടുകൊണ്ട് വിവര സാങ്കേതിക വിദ്യ മുന്നേറുകയാണ്. നമ്മുടെ വിദ്യാലയങ്ങളും കാലാനുസൃതമായി മാറിക്കൊണ്ടിരിക്കുന്നു. അറിവാകാശത്തിലേക്ക് പട്ടം പറത്തുന്ന ലിറ്റിൽ കൈറ്റ്സിന്റെ കൂട്ടുകാർ ഏറെ ഉല്ലാസത്തിലാണ്. വിവരസാങ്കേതികവിദ്യയുടെ കുഞ്ഞുവിജ്ഞാനച്ചെപ്പുകൾ ചേർത്തുവച്ച

'**രജതം**' അറിവു തേടുന്ന കൂട്ടുകാർക്ക് ഒരു ചെറു വെള്ളിവെളിച്ചമാകുമെന്ന് വിശ്വസിക്കുന്നു. ഒത്തിരി സന്തോഷത്തോടെ ഇത്തിരി അറിവിന്റെ 'രജതം' നിങ്ങളുടെ മുന്നിൽ സമർപ്പിക്കുന്നു.

സ്നേഹത്തോടെ

പത്രാധിപസമിതി

രജതം മാഗസിൻ

# ആശംസ



മിനി. സി

ഹെഡ്മിസ്ട്രസ്

കൊറ്റൻകുളങ്ങര ഗവൺമെന്റ് വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിലെ 2018-19 ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ പ്രവർത്തന ഫലമായി പുറത്തിറക്കുന്ന 'രജതം' ഡിജിറ്റൽ മാസികയ്ക്ക് എല്ലാവിധ ആശംസകളും. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാ അദ്ധ്യാപകർക്കും ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് അംഗങ്ങൾക്കും അഭിനന്ദനങ്ങൾ. തുടർപ്രവർത്തനങ്ങളിലൂടെ കൂടുതൽ മാസികകളും വൈവിധ്യങ്ങളായ ഡിജിറ്റൽ അത്ഭുതങ്ങളും തുടർന്നും നമ്മുടെ കലാലയത്തിലുണ്ടാകട്ടെ എന്ന് ആശംസിക്കുന്നു.

# പത്രാധിപ സമിതി

1.മിനി. സി (പ്രഥമാധ്യാപിക)
2.സജീവ് കുമാർ .കെ.എൽ (സീനിയർ അസിസ്റ്റന്റ്)
3.ആർ.ബി.ശൈലേഷ് കുമാർ (മലയാള വിഭാഗം അധ്യാപകൻ)
4.റ്റി.പി.മാത്യു (മലയാളം വിഭാഗം അധ്യാപകൻ)
5.അൻസർ. എ (ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ)
6.ജ്യോതി ലക്ഷ്മി.വി (ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്)
7.വിഷ്ണു വിമൽ (ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ലീഡർ)
8.കൃതിക.വി.പിള്ള(ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ഡെപ്യൂട്ടി ലീഡർ)

# താളുകളിലൂടെ


1. ഉമ്മയുടെ വിഷാദം 7

2. അണയാത്ത തീജ്വാല 9

3. പ്രളയം 10

4. ക്രോധം +കോപം 11

5. ക്രൂശിക്കപ്പെടുന്നവർ 13

6. എൻെറ ജീവിത നിരീക്ഷണങ്ങൾ 16

7. 21 സെപ്റ്റംബർ ലോക സമാധാന ദിനം 18

8. നന്മയുടെ മഹത്വം 21

9. മരണ സ്ഥിതിയിൽ 23

10.അറിയാതെ പോയി 24

11.അമ്മ എൻെറ അമ്മ 25

12.രാത്രി എന്ന വിസ്മയം 26

13.ദാരുണം 28

14.കനലുകൾ 35

# ഉമ്മയുടെ വിഷാദം



ഫൗസിയ എൻ : 8 എ

ഹാളിൽ എന്തോ വീഴുന്ന ശബ്ദം, നാസർ ഓടിയെത്തി.എന്താ ഉമ്മാ ഒരു ശബ്ദം ? എന്റെ കൈ തട്ടി നിന്റെ മൊബൈൽ താഴെ വീണു. ഉമ്മ സങ്കടത്തോടെ പറഞ്ഞു. അവൻ വായിൽ വന്നത് ഉമ്മയെ പറഞ്ഞു. എത്ര രൂപയുടെ സാധനമാ പൊട്ടി ചിതറി കിടക്കുന്നതെന്ന്

ഉമ്മാക്കറിയ്യോ?

അവൻ കോപിഷ്ടനായി. ന്റെമോനെഅറിഞ്ഞില്ലടാ അമ്മ വിതുമ്പി. അവൻ ബൈക്കുമെടുത്ത് എവിടേക്കോ പാഞ്ഞു. ഉമ്മയുടെ നെഞ്ചിടിപ്പ് വല്ലാതെ കൂടിക്കൊണ്ടിരുന്നു.


നാസറിന്റെ ഭാര്യ വഴക്കു കേട്ട്ഉമ്മറത്തെത്തി. അപ്പോഴേക്കും നാസർ ബൈക്കും എടുത്ത് പോയികളഞ്ഞു. വിതുമ്പുന്ന ഉമ്മയെ സമാധാനിപ്പിച്ച് അവൾ കാര്യം തിരക്കി. ഉമ്മ നടന്നതെല്ലാം പറഞ്ഞു. അവൾ അത് കാര്യമാക്കാതെ പൊട്ടിക്കിടക്കുന്ന മൊബൈലുമായി അടുക്കളയിലേക്കു പോയി.

ഉമ്മ വിഷമം സഹിക്കാൻ വയ്യാതെ ആരോടും പറയാതെ എവിടേക്കോ പോയി. നാസർ ഉച്ചയ്ക്ക് ഊണ് കഴിക്കാനായി എത്തി. ഉമ്മയെ അന്വേഷിച്ചു. ഉമ്മ വിഷമിച്ച് ഈ വീട്ടിൽ നിന്നും എങ്ങോട്ടോ പോയി. നാസറിന്റെ ഭാര്യ പറഞ്ഞു.

“രാത്രി ആകുമ്പോഴേക്കും ഉമ്മ വന്നോളും” നാസർ പറഞ്ഞു. ഭക്ഷണം കഴിച്ച് ബൈക്കുമെടുത്ത് അവൻ വീണ്ടും എങ്ങോട്ടോ പോയി.

രാത്രി ആയപ്പോൾ ഉമ്മ മടങ്ങിയെത്തി. അപ്പോഴും വിതുമ്പുന്ന മുഖമായിരുന്നു. നാസറിന്റെ ഭാര്യയുടെ കൈയ്യിലേക്ക് കുറേ പണം ഉമ്മ നീട്ടി. “എവിടുന്നാണ് ഈ പണം?” അവൾ തിരക്കി. ഉമ്മ ഒന്നും തന്നെ പറയാൻ

കൂട്ടാക്കിയില്ല.



കുറച്ച് നാൾ മുമ്പ് ഉപ്പ മരിച്ചപ്പോൾ ഉമ്മ പറഞ്ഞ വാക്കാണ്

"എന്റെ കാതിലും കൈയ്യിലുമുള്ളത് ഞാൻ മരിക്കുന്നത് വരെ ഊരില്ല"

രാത്രി നാസർ വന്നു. പണം മുഴുവൻ അവൾ നാസറിനു നേരെ നീട്ടി.

അവൾ കരഞ്ഞുകൊണ്ട് പറഞ്ഞു. എവിടെ പോയെന്നോ പണം

എങ്ങനെ കിട്ടിയെന്നോ പറയാതെ ഉമ്മ പോയി കിടന്നു. ഭക്ഷണം പോലും കഴിക്കാൻ കൂട്ടാക്കിയില്ല.

നാസറിന് വലിയ സങ്കടം തോന്നി. അവൻ ഉമ്മയെ കെട്ടിപ്പിടിച്ച് വിതുമ്പി. "ഇത്രയും വേണ്ടിയിരുന്നില്ല ഉമ്മാ" അവൻ പറഞ്ഞു. ഉമ്മ കട്ടിലിൽ തിരിഞ്ഞു കിടന്നു.

രാവിലെ നാസർ ജ്വല്ലറിയിൽ പോയി കമ്മലും വളയും തിരികെ വാങ്ങി വേഗത്തിൽ വീട്ടിലെത്തി. മുറ്റത്ത് ഒരാൾക്കൂട്ടം. ചലനമറ്റ് കട്ടിലിൽ കിടക്കുന്ന ഉമ്മയെ ആണ് അവൻ കണ്ടത്.

# അണയാത്ത തീജ്വാല


ആദിത്യ ആർ 8.സി



ആയിരം തീജ്വാല നിന്നിൽ തെളിയുന്നു
സപ്തവർണ്ണങ്ങൾ തുളുമ്പിടുന്നു.
വർണ്ണമാം എന്റെയുള്ളിൽ ഇനി നിന്റെയീ
ചെറുകൈകൾ മാത്രമായി ചേർത്തു വയ്ക്കാം.
കത്തിജ്വലിക്കുന്ന ഗാനവും നാദവും
ആയിരം ദീപങ്ങളെന്നപോലെ,
തൊഴുകൈയ്യുമായി നിൽക്കുന്നു ഞാനീ
അണയാത്ത തീജ്വാലയെന്ന പോലെ



# പ്രളയം



മീര.ജെ.ആർ 8:ഡി



സ്നേഹമെരിച്ച കുടത്തിൽ
നിന്നൊരുതുള്ളി
താഴേക്കു വീണ
ഈ കേരളത്തിൽ
ആട്ടങ്ങൾ പാട്ടുകൾ
മനുജന്റെ പേക്കൂത്ത്
തീരാതെ പോരാതെ
ആടീടവെ
ഭൂമിതൻ കണ്ണുനീർ
തുള്ളിയായ് പ്രളയവും
വാ തുറന്നുച്ചത്തിലാർത്തീടവെ
ഒരു നാൾ വിറച്ചുപോയ്
നമ്മളെല്ലാം
ഒടുവിൽ വന്നെത്തി

# ക്രോധം + കോപം = നാശം



*അനരേഷ് എസ്* ***10 D***

മഹാകവി എഴുത്തച്ഛൻ രാമായണത്തിലൂടെ ലോക ജനതയ്ക്ക് നൽകിയ മഹത്തായ ഒരുപദേശമുണ്ട്. നാം എപ്പോഴും ക്രോധം ഉപേക്ഷിക്കണമെന്ന്. രാമൻ വനവാസത്തിന് പോകാൻ ഒരുങ്ങിയപ്പോൾ ലക്ഷ്മണൻ കോപത്തോടെ എല്ലാം നശിപ്പിച്ചും ജ്യേഷ്ഠനെ അധികാരത്തിലേറ്റുമെന്ന് പറഞ്ഞ് രാമന്റെ സന്നിധിയിലെത്തി. "ക്രോധം പരിത്യജിക്കണം ബുധജനം" ആ ക്രോധം കണ്ട് ചിരിച്ചുകൊണ്ട് രാമൻ പറഞ്ഞു. "അനുജാ ക്രോധമൊന്നിനും പരിഹാരമല്ല. ക്രോധം മനസ്താപമുണ്ടാക്കും എന്നുപറഞ്ഞ് ആത്മീയമായ

കാര്യങ്ങളിലേക്ക് രാമൻ കടന്നു. ഭൗതിക കാര്യങ്ങളെക്കുറിച്ച് അദ്ദേഹം

പറയുന്നുണ്ട്.

ഈ രാമായണ വരികൾക്ക് എക്കാലത്തും സാധുതയുണ്ട് എന്നത് പരമമായ സത്യമാണ്. അങ്ങനെയെങ്കിൽ ഇന്നത്തെ ലോകരാഷ്ട്രങ്ങളുടെ അവസ്ഥവെച്ചു നോക്കിയാൽ ആവശ്യം അനുഷ്ഠിക്കേണ്ട

ഒന്നാണ് ഈ വരിയിൽ

പറഞ്ഞ വസ്തുതയെന്നതിന് ഇരുപക്ഷമില്ല. ഭാരതം വിട്ട് യൂറോപ്പിലേക്കും

ഏഷ്യയുടെ പശ്ചിമ പ്രദേശങ്ങളിലേക്കും കടന്നാൽ ക്രോധം കൈക്കൊണ്ട്

ജനങ്ങൾ പരസ്പരം നടത്തുന്ന കൊലപാതകങ്ങളുടെ വാർത്തകൾ കൊണ്ട്

നമ്മുടെ മാധ്യമങ്ങൾ നിറയുന്നത് നിത്യവും നാം കാണാറുണ്ട്.

ഇങ്ങനെ മനുഷ്യൻ മനുഷ്യനെ ചുട്ടെരിക്കുന്നതിനു പിന്നിലെമാനസികവികാരമാണ് ക്രോധം. ക്രോധം മാറിയാൽ അവിടെ വളരുന്നത് കാരുണ്യവും സ്നേഹവുമാണ്. മൈത്രി വളർന്നാൽ യുദ്ധം ഒഴിവാകും. ആയുധങ്ങളുടെ മുനമ്പിൽ തങ്ങുന്ന സമാധാനവും മാറി വരും. ജനത്തിന് സൈ്വരജീവിതം ഉണ്ടാകും. യമനിൽ ഒരുനേരത്തെ ഭക്ഷണം കാത്തുകഴിയുന്ന ജനങ്ങൾ


225 ലക്ഷം കവിയും എന്ന വാർത്ത ലോകജനതയെ ഞെട്ടിച്ചിട്ട് മാസങ്ങൾ മാത്രമേ ആയിട്ടുള്ളൂ. ഇതിനു പരിഹാരമാണ് രാമായണത്തിൽ കവി നിർദ്ദേശിച്ചത്. നാം ക്രോധം ഉപേക്ഷിക്കണം, സ്നേഹം വളർത്തണമെന്ന്.



എല്ലാവരുടെയും കർമ്മവും പ്രവർത്തിയും അത്തരത്തിലാവണം.

# ക്രൂശിക്കപ്പെടുന്നവർ

അതുല്യ എ 10 A



ഒടുവിൽ രാജേഷ് നൊമ്പരക്കടലിൽ താഴുകയാണ്. തന്റെ മനസ്സറിയാൻ ആരുമില്ലായിരുന്നു. രാജേഷ് വീട്ടുകാർക്കും സമൂഹത്തിനും ദ്രോഹിയല്ല. തനിക്ക് ചുറ്റും അനേകായിരം പേരുണ്ട്. എന്നാൽ തന്റെ നൊമ്പരങ്ങൾക്കറുതിയില്ല. ഇടിമിന്നൽപോലെ വന്ന പല പ്രതിസന്ധികളേയും നേരിടാൻ ശക്തിയുണ്ടായിരുന്നില്ല. തനിക്ക് ധൈര്യം പകരാൻ ആരും ഇല്ലായിരുന്നു.

അതൊരു വെറുക്കപ്പെട്ട ദിവസമായിരുന്നു. ഒരാളുടെ കൊലക്കുറ്റം എന്റെ മേൽ ചാർത്തി. രൂപസാദൃശ്യത്താൽ തെറ്റിദ്ധരിക്കപ്പെടുകയായിരുന്നു. താൻ സമൂഹത്തിനു മുന്നിൽ കുറ്റക്കാരനായി. മാധ്യമങ്ങൾ തന്റെ ജീവിതത്തെ അമ്മാനമാടി. പിന്നീടുള്ള കാലം ഇരുമ്പഴിക്കുള്ളിലായിരുന്നു ഇടയ്ക്കിടെ ദുഃഖഭരിതമായ കൂടിക്കാഴ്ചകളുണ്ടായി. അമ്മയും മകനും തമ്മിൽ മൗനമായി കണ്ണിൽ നോക്കിയിരുന്നു. തന്റെ സത്യസന്ധത അറിഞ്ഞിരുന്ന ഒരാൾ അമ്മ മാത്രമായിരുന്നു. മറ്റുള്ളവർ കുറ്റപ്പെടുത്തുമ്പോഴും തനിക്ക് തണലായിരുന്നത് അമ്മ മാത്രമായിരുന്നു. ദൈവവിശ്വാസം മുറുകെപ്പിടിക്കാൻ പ്രേരിപ്പിച്ചതും അമ്മയായിരുന്നു.

രമേഷ് ജയിലിൽ നിന്നിറങ്ങി. തന്റെ നീതിക്കായി കേസ് കൊടുത്തു. ആ കേസിൽ താൻ നിരപരാധിയാണെന്ന് എല്ലാവർക്കും മുന്നിൽ തെളിയിച്ചു. എന്നാൽ തന്റെ കൂടെ വിശ്വാസം പകർന്ന് കരുത്തായി നിലകൊണ്ട അമ്മ

അവൻ തിരികെ വന്നപ്പോൾ കൂടെയില്ലായിരുന്നു. അമ്മയും അമ്മയുടെ ലാളനയും വാത്സല്യവും കരച്ചിലുമൊക്കെ ആ വീടിന്റെ നാലു ചുവരിലും പ്രതിഫലിക്കുന്നു. സന്തോഷകരമായ ആ നിമിഷത്തിലും അമ്മയെ നഷ്ടപ്പെട്ട വേദന അവനെ കരയിച്ചു. തെറ്റിദ്ധാരണ കൊണ്ടാണ് സമൂഹത്തിൽ പല കുഴപ്പങ്ങളും ഉണ്ടാകുന്നത്. എന്നാൽ എന്തൊക്കെ വന്നാലും അവസാനം നമ്മുടെ നന്മ അംഗീകരിക്കപ്പെടും എന്ന വലിയപാഠം രമേഷ് മനസ്സിലാക്കുന്നു. ഇപ്പോൾ അവൻ സമൂഹത്തിനു മുന്നിൽ തല കുനിക്കാതെ ജീവിക്കുന്നു. എങ്കിലും ഒരു മുറിവ്അവന്റെ ഉള്ളിൽ ഉണങ്ങാതെ കിടന്നു - അമ്മയുടെ വേർപാട്...

ഒരിക്കലും തിന്മയ്ക്ക് നന്മയെ തോൽപ്പിക്കാൻ കഴിയില്ല. എവിടെയാണോ ധർമ്മം സംരക്ഷിക്കപ്പെടുന്നത്, അവിടെയാണ് വിജയം ഉണ്ടാകുന്നത്.

*"എത്ര കുറ്റവാളികൾ രക്ഷപ്പെട്ടാലും ഒരു നിരപരാധി പോലും ശിക്ഷിക്കപ്പെടരുത"*



© CanStockPhoto.com - csp54872066



## പുതിയ ബഹുനില കെട്ടിടത്തിൻറ ശിലാസ്ഥാപനം

## പഠനോപകരണ വിതരണം






## പ്രവേശനോത്സവം

# എന്റെ ജീവിത നിരീക്ഷണങ്ങൾ





അഭിൽ .സി 10 A

ജീവിതം ഒരു നൂൽപ്പാലമാണ. നൂല് അച്ഛനും അമ്മയും. ആ നൂല് അകാലത്തിൽ പൊട്ടിയാൽ നമ്മുടെ ജീവിതം തകർന്നു പോകും.

ഒരു സുപ്രഭാതത്തിൽ താങ്ങും തണലുമായിരുന്ന ഒരു വലിയ വൃക്ഷം ഒടിഞ്ഞുവീഴുന്നു. ചുറ്റിലും കൂടുന്ന ബന്ധുമിത്രാദികൾ " നമുക്ക് ചികിത്സിച്ച് ഭേദമാക്കാം " എന്ന് നമ്മെ ആശ്വസിപ്പിക്കും. ഒരു ദിവസം ആ കൂറ്റൻ മരം ഒടിഞ്ഞു വീഴുന്നു.

ഈ അവസ്ഥ മറ്റൊരാളുടെ ജീവിതത്തിൽ സംഭവിക്കുമ്പോൾ അത് വളരെ ദയനീയമാണ. ഈ സന്ദർഭത്തിൽ സ്നേഹിക്കാനും സഹായിക്കാനും ധാരാളം പേർ കാണും. അവസാനം തനിക്കു താൻ മാത്രം. ഒരു തെരുവു പട്ടിയെ പോലെ... ഇതൊരു കുട്ടിയുടെ ജീവിതത്തിൽ സംഭവിക്കുകയാണെങ്കിൽ പഠനത്തെയും ഏകാഗ്രതയെയും കാര്യക്ഷമതയെയും അത് ബാധിക്കും. സമൂഹത്തിൽ താൻ ഒന്നുമല്ലെന്ന തോന്നൽ വേട്ടയാടും.

നമുക്ക് വ്യക്തിത്വം തരുന്നത് അമ്മയും അച്ഛനുമാണ. ഈ പേരുകൾക്ക് പകരം  വയ്ക്കാൻ മറ്റൊരു നാമവും ഒരു നിഘണ്ടുവിലുമില്ല. ഒരു വ്യക്തിയുടെ ജീവിതത്തിൽ അച്ഛനെക്കാൾ സ്വാധീനം അമ്മയ്ക്കാണ. തിരിച്ചും സംഭവിക്കാം എന്നാൽ അമ്മ നൽകുന്ന


സ്നേഹവും കരുതലും ആർക്കും നൽകാൻ കഴിയുകയില്ല. ആ തണൽമരം ഇല്ലാതാകുമ്പോഴാണ് 'അമ്മേ' എന്ന് വിളിക്കാൻ കൊതിക്കുന്നത. ആശുപത്രിയിൽ കിടന്ന അമ്മ തിരിച്ച വരുമെന്ന പ്രതീക്ഷയോടെയാണ് കെട്ടിപ്പിടിച്ച് ഉമ്മ വച്ച പിരിഞ്ഞത. പിന്നീട് രോഗം ഗുരുതരാവസ്ഥയിലായി. രോഗത്തിന് മരുന്നില്ലെന്ന് പറഞ്ഞപ്പോൾ ഹൃദയം പിടഞ്ഞുപോയി. ഭൂമി പിളർന്ന് താഴേക്ക് പോയെങ്കിൽ... ആരിനി എന്നെ സ്നേഹിക്കും? ചായ തരും..? പഠിക്കാൻ പറയും....? ഉപദേശിക്കും...? 'തനിക്ക് താനും പുരയ്ക്ക് തൂണും മാത്രം." മിക്ക ദിവസവും പട്ടിണിയായി സ്കൂളിലെത്തി. ആരും അന്വേഷിക്കാനുണ്ടായില്ല. പ്രശ്നങ്ങൾ മുഖവിലയ്ക്കെടുക്കാൻ ആരുമുണ്ടായില്ല. വല്ലാത്ത നിസ്സഹായാവസ്ഥ. എല്ലാവരുടെയും മുന്നിൽ പ്രശ്നക്കാരൻ. കുറ്റക്കാരൻ. ജീവിതത്തിൽ ഒറ്റപ്പെട്ടു പോകുന്നു. ജീവിതം ഉടഞ്ഞ കുപ്പിച്ചില്ലുപോലെ....



# 21 സെപ്റ്റംബർ

# ലോക സമാധാന ദിനം.

## ഒത്തൊരുമയോടെ സമാധാനത്തിന്...





ആഷ്റിൻ ഏഞ്ചൽ. ആർ 8D

യുദ്ധവും അക്രമവുമില്ലാത്ത ലോകത്തിന് വേണ്ടിയുള്ള പ്രാർത്ഥനയായി സെപ്തംബർ 21നെ വിശേഷിപ്പിക്കാം. എന്നാലേ അക്രമവും രക്തച്ചൊരിച്ചിലുമില്ലാത്ത 24 മണിക്കൂർ, സാധ്യതയുടെ എത്രയോ അകലെയാണതെന്ന് സമകാലിക സംഭവങ്ങൾ വിളിച്ചു പറയുന്നുണ്ട്. ഐ. എസ് ഭീകരാക്രമണങ്ങളിൽ വിറങ്ങലിച്ചു നിൽക്കുന്ന സിറിയ, അസ്ഥിരമായ ഭരണകൂടങ്ങൾ, തീവ്രവാദി ആക്രമണങ്ങളിലും ചാവേർ സ്ഫോടനങ്ങളിലും കൊല്ലപ്പെടുന്നവരുടെയും അംഗച്ഛേദം സംഭവിക്കുന്നവരുടെയും നിലവിളികൾ, കാശ്മീർ ഉൾപ്പെടുന്ന രാജ്യാതിർത്തികളിൽ തുടരുന്ന സംഘർഷങ്ങൾ, ചെറുതും വലുതുമായ ആക്രമങ്ങൾ... എങ്കിലും സമാധാനവും സ്വാസ്ഥ്യവും നിറഞ്ഞ ജീവിത ക്രമത്തിനു വേണ്ടിയുള്ള പ്രയത്നത്തിൽ ചെറുചുവടെങ്കിലുമാകാൻ ഇത്തരം ദിനാചരണങ്ങൾക്ക് കഴിഞ്ഞെങ്കിലെന്ന് നമ്മളെല്ലാം ആഗ്രഹിക്കുന്നുണ്ട്.

1981 ലാണ് ലോക സമാധാന ദിനാചരണമെന്ന സങ്കൽപ്പവുമായി ഐക്യരാഷ്ട്രസഭ ആദ്യ പ്രമേയം പാസാക്കുന്നത്. രാഷ്ട്രങ്ങൾ തമ്മിലുള്ള ശീതയുദ്ധാനന്തരകാലം അന്നുമുതൽ ഓരോ വർഷവും യു എൻ ലോക


സമാധാന ദിനം ആചരിച്ചു വരുന്നു. യു എൻ ജനറൽ അസംബ്ലി ഉച്ചകോടിക്ക് തുടക്കം കുറിക്കുന്ന സെപ്റ്റംബറിലെ മൂന്നാമത്തെ ചൊവ്വാഴ്ച്ചകളിലായിരുന്നആദ്യഘട്ടത്തിൽ ദിനാചരണം. 2001 ൽ പാസാക്കിയ പ്രമേയത്തിലൂടെയാണ് എല്ലാ വർഷവും സെപ്റ്റംബർ 21 ലോക സമാധാന ദിനമായി ആചരിക്കാൻ തീരുമാനിച്ചത്. അക്രമരാഹിത്യവും വെടിനിർത്തലും ദിനാചരണത്തിന്റെ പ്രധാന അജണ്ടയായി നിശ്ചയിച്ചതും ഈ വർഷമായിരുന്നു. എന്നാൽ ഒരിക്കൽപോലും ലക്ഷ്യത്തിലേക്കടുക്കാൻ കഴിഞ്ഞിട്ടില്ല എന്നത് ഖേദകരമായിതന്നെ തുടരുന്നു. ഭരണഘടനകൾക്കുപുറമെ സമാധാന പ്രസ്ഥാനങ്ങൾ, സന്നദ്ധസംഘടനകൾ, തുടങ്ങിയവയുടെയുംപങ്കാളിത്തം ഈ ലക്ഷ്യത്തിനായി ഉറപ്പാക്കേണ്ടതുണ്ട്. യു എൻ. ആസ്ഥാനത്ത് സെപ്റ്റംബർ 21 ന് സമാധാന ബെൽ മുഴങ്ങും. 'ലോകസമാധാനം നീണാൾ വാഴട്ടെ' എന്ന് വശങ്ങളിൽ എഴുതിച്ചേർത്ത ആ ബെൽ ആഫ്രിക്ക ഒഴികെയുള്ള എല്ലാ ഭൂഖണ്ഡങ്ങളിലെയും കുട്ടികൾ സമ്മാനിച്ച നാണയത്തുട്ടുകൾ കൊണ്ടാണ് നിർമ്മിച്ചത്.




ഗവ.വി.എച്ച്.എസ്.എസ്
കേരള സ്കൂൾ
കലോത്സവം

# നന്മയുടെ മഹത്വം

നാസില. എസ് 9.ബി



മെഹർബാൻ ഇന്ന് വലിയ ഗമയിലാണ്.അവൾ സ്കൂൾ കലോൽസവത്തിൽ ഇന്ന് മൂന്ന് ഒന്നാം സമ്മാനങ്ങൾ നേടി.

നൃത്തത്തിനു വേണ്ടി അണിഞ്ഞ ഇളം പച്ച നിറത്തിലുള്ള ഉടുപ്പ് മാറ്റതെയാണ് അവൾ വീട്ടിലേക്ക് പോവുന്നത്.കൂടെ വല്യുപ്പയുമുണ്ട്.ഉടുപ്പിലെ തിളങ്ങുന്ന പൊട്ടുകളും മേയ്ക്കപ്പും ആഭരണങ്ങളും എല്ലാം ചേർന്ന് അവളെ ഒരു കൗതുക വസ്തുവാക്കി മാറ്റി.

എല്ലാവരുംതന്നെയാണ്നോക്കുന്നത്. ആ റസിയായും ആയിഷയും ഇത് കണ്ട് കൊതിക്കട്ടെ......അവൾ മനസ്സിൽ ആഹ്ലാദം നിറച്ചു.

പോകുന്ന വഴി അങ്ങാടിയിലെ വലിയ വസ്ത്രക്കടയുടെ മുന്നിൽ അവർ ഒരു കാഴ്ച കണ്ടു. ഒരു സ്ത്രീ കുഞ്ഞുമായി ചെളി പുരണ്ട മണ്ണിൽ കിടക്കുന്നു.

വല്യുപ്പ പറഞ്ഞു.... മെഹർബാ നിന്റെ ബാഗിലിരിക്കുന്ന ബ്രഡ്ഡും പഴവും എടുത്ത് ആ കുഞ്ഞിനു കൊടുക്ക്

അയ്യോ, എനിക്കെങ്ങും വയ്യ.ആ ചെളി എന്റെ പുതിയ വസ്ത്രത്തിൽ പറ്റും . അവൾ മറുപടി കൊടുത്തു

മോളേ , നീ ആ വസ്ത്രക്കടയിൽ ഇരിക്കുന്ന

*പുതിയ വസ്ത്രമിട്ട ബൊമ്മകളെ കണ്ടോ ? അവരും നീയും തമ്മിൽ എന്താണ് വ്യത്യാസം? അവരും പുതിയ വസ്ത്രമണിഞ്ഞിരിക്കുന്നു. നീയും പുതിയ വസ്ത്രമണിഞ്ഞിരിക്കുന്നു*


*ഇതു കേട്ടപ്പോൾ മെഹർബാൻ ഓടിപ്പോയി കുഞ്ഞിനെ ,എടുത്ത് ബ്രഡ്ഡും പഴവും കൊടുത്തു. പക്ഷേ, ഇപ്പോഴുമാ സ്ത്രീ ബോധമില്ലാത്ത അവസ്ഥയിലായിരുന്നു. ആ സ്ത്രീയെ ഉണർത്തി അവൾ സമാധാനിപ്പിച്ചു.*

*വല്യുപ്പ പറഞ്ഞു. " മോളേ ഇപ്പോഴാണ് നീ ഏറെ സുന്ദരിയായത്. നിന്റെവസ്ത്രത്തിലിരിക്കുന്ന പൊട്ടുകളും കല്ലുകളും ഒക്കെ ഇപ്പോഴാണ് നന്മയുടെ അടയാളമായി മാറിയത്. ഇപ്പോഴാണ് നീ നന്മയുടെ മഹത്വം മനസ്സിലാക്കിയത്".*



# മരണ സ്മൃതിയിൽ...

എമിൽ സേവ്യർ 10 ഡി



അറിയാതെ ഇപ്പോഴും പൊഴിഞ്ഞിടുന്നു
എൻ മിഴികളിൽ നിന്നും ബാഷ്പമായിരം
ഓർമ്മകളാൽ നെയ്ത തുടൽ
കൊണ്ടെൻ മനം പൂട്ടിയിട്ടെന്തേ
ആ ചാവിയാൽ മടങ്ങി
ആ ചാവിയാൽ മടങ്ങി.

തിരികേ വരാത്തൊരാ മധുവുള്ളോരോർമ്മകൾ
വെറുതേ കിടന്നെൻ മനതാരിൽ വിങ്ങുന്നു.
അതിൽ അറിയാതെ ഞാൻ തകർന്നിടുന്നു.
എൻ ജീവിതമൊരു വൃഥാ പാഴ്ക്കഥയായി.

തകർന്ന എൻ ഹൃദയത്തിലൊരു
കോണിലെപ്പോഴാ ബാഷ്പമുറഞ്ഞിരിപ്പൂ
ഉള്ളിൽ വിരിഞ്ഞതും പിന്നെ കൊഴിഞ്ഞതും
എന്നിലവശേഷിക്കും ഓർമ്മകളും

എന്നധരങ്ങളിലേക്ക് ആ മധു
നുകർന്നതും മറന്നുവോ?

# അറിയാതെ പോയി

ദിവ്യ.എസ്: 9.ബി



അറിയാതെപോയ് ദൈവമേ നിന്നെ ഞാൻ
അഹന്തയെന്നുള്ളിൽ നിറഞ്ഞനേരം
അറിവേറെയുണ്ടെന്ന് നിനച്ചൊരുപാപി ഞാൻ
അറിയേണ്ടതൊന്നും ഞാൻ അറിഞ്ഞതില്ല.

കരുണാസാഗരമേ കനിവിൻ കേതാരമേ
മണ്ണോടുമണ്ണായ് തീരേണ്ട ഞാനീ
മണ്ണിലെ മോഹങ്ങൾ വെടിഞ്ഞീടേണം
സ്വർഗ്ഗീയസമ്മാനം നേടുവാനായി
സ്വാർത്ഥമോഹങ്ങൾ കൈവിടേണം

ആത്മീയ രക്ഷനേടുവാനായ്
ആത്മാവിൽ വീണ്ടും ജനിച്ചിടേണം
ആരോടും ദ്രോഹം ചെയ്യാതിരുന്നാൽ
*എന്റെ ഹൃത്തിൽ ദൈവം വാഴും*

# അമ്മ എന്റെ അമ്മ

*അമൽ ബാബു* 10 D





എന്നും എന്റെ മനസ്സിനുള്ളിൽ
ഉദിക്കുന്ന സൂര്യൻ അമ്മയാണ്
പകലിന്റെ മടിയിൽ
ചാരെ ഉറക്കുമ്പോൾ
ഒരുമയുടെ കൂടാരം അമ്മയാണ്
ചിറകടി ശബ്ദത്തിൽ കാതോർത്ത്
ഇരിക്കുമ്പോൾ
ചിറകായി എന്നും മനസ്സിനുള്ളിൽ
ഒരുമയുടെ കൂടാരം
അറിയാതെ സൂക്ഷിച്ച പകലായി
എന്നും എന്റെ കൂടെ
ചിറകായി എന്നും എന്റെ കൂടെ
അക്ഷര മുറ്റത്ത്
അറിവിന്റെ ആദ്യാക്ഷരങ്ങൾ
പഠിപ്പിച്ചു തന്നതും അമ്മയാണ്
എന്നും എന്റെ സ്വപ്നങ്ങളിൽ
*പൂക്കുന്നതും എന്റെ അമ്മാ .............*

# രാത്രി എന്ന വിസ്മയം



**അനുമോൾ.എസ്.എച്ച് 9.സി**

എന്നും എന്റെ മനസ്സിനെ ആകർഷിക്കുന്ന ഒന്നാണ് പ്രകൃതിയുടെ 'രാത്രി' എന്ന വിസ്മയം. പാൽനിലാവ് വാരിചൊരിയുന്ന ചന്ദ്രപ്രഭയും വെള്ളിമണി വാരിവിതറിയ ആകാശവും കുഞ്ഞുറാന്തലുകളുമായി ഇരുട്ടിൽ പരതുന്ന മിന്നാമിനുങ്ങുകളും കുളിരിന്റെ വാസനയുമായി നെട്ടോട്ടമോടുന്ന പാതിരാക്കാറ്റും.

പുതുലോകത്തേക്ക് കണ്ണ് തുറന്നു നോക്കുന്ന കുഞ്ഞിമുല്ലയും നിശാഗന്ധിയും ഗന്ധം പരത്തി രാത്രിയുടെ മനോഹാരിതയെ അനുഭവിചറിയാൻ നമ്മെ കൂടുതൽ പ്രേരിപ്പിക്കുന്നു. അവയെ തേടി ,അവയിലെ മധുരം നുകരാൻ ഉറക്കമൊഴിഞ്ഞ് ഓടിയെത്തുന്ന പ്രാണികളും കുറവല്ലേ.

തന്റെ ശോഭയിൽ അഹങ്കരിച്ച് നമ്മെ നോക്കി ചിരിക്കുന്ന അമ്പിളിമാമനെ നോക്കിയിരിക്കാൻ എന്ത് രസമാണ്!
കുട്ടക്കാലത്ത് അമ്പിളി മാമനെ പിടിച്ചു തരാമെന്ന് പറഞ്ഞ് അമ്മ ചോറൂട്ടിയത്...
ചോറുണ്ട് കഴിഞ്ഞ് അമ്പിളി മാമനെ വേണമെന്ന് പറഞ്ഞ് വാശി പിടിച്ചത്...
രാത്രിയെ ആസ്വദിക്കുമ്പോൾ മനസ്സിലേക്ക് കടന്നു വരുന്ന ബാല്യത്തിലെ ഓർമ്മകൾ...

ഇരുളിൽ പുതപ്പ് ചൂടി നിൽക്കുന്ന കാട്ടിലേക്ക് ഒന്ന് നോക്കുമ്പോൾ മനസ്സിലേക്ക് കടന്നു വരുന്ന മുത്തശ്ശി പറഞ്ഞുതന്ന

*പ്രേതക്കഥകൾ... ഭയത്തോടെ ഇടകണ്ണിട്ട് ഇരുട്ടിലേക്ക് ഒന്നുനോക്കി പെട്ടെന്ന് അമ്മയുടെ മടിയിൽ മുഖം മറച്ച്  കിടന്ന രാത്രികൾ.*

*ശാന്തമായ അന്തരീക്ഷത്തിൽ മനസ്സിനെ പ്രകൃതി സൗന്ദര്യത്തിന്റെ അദ്ഭുത ലോകത്തേക്ക് മുക്കിത്താഴ്ത്തുന്ന രാത്രി അതെന്നും എനിക്കൊരു അദ്ഭുതം തന്നെ!*



# ദാരുണം



ഹരിചന്ദന എസ് 8 .എ

കിളികൾ കലപിലകൂട്ടുന്നു. അവർക്ക് അവളോട് എന്തോ പറയാനുള്ളതുപോലെ. അവധി ദിവസമായതുകൊണ്ട് രണ്ട് കിലോമീറ്റർ അകലെയുള്ള കുഞ്ഞമ്മയുടെ വീട്ടിൽ പോകാൻ ഇറങ്ങിയതാണ് വൈഗ. അമ്മ തന്ന പത്ത് രൂപ കൈയ്യിൽ ചുരുട്ടിപ്പിടിച്ച് അവൾ മുറ്റത്തേക്കിറങ്ങി.

നടന്നു പോകാനുള്ള ദൂരമേയുള്ളൂ. അതിനാൽ അവൾ നടക്കാൻ തീരുമാനിച്ചു. റോഡിൽ വാഹനങ്ങൾ ചീറിപ്പായുന്നു. നല്ല തിരക്ക്. അപ്പോഴാണ് റോഡ് വക്കിൽ ആ ദയനീയ കാഴ്ച അവൾ കണ്ടത്.

പതിനാല് വയസ്സ് തോന്നിക്കുന്ന ഒരാൺകുട്ടിയുടെ മടിയിൽ ഒരു പിഞ്ചുബാലിക. ആ കുഞ്ഞിന് നല്ല അവശത. ഭിക്ഷ യാചിക്കുന്നുണ്ടെങ്കിലും ആരും ഒന്നും നല്കുന്നില്ല. എല്ലാവർക്കും അവനവന്റെ കാര്യം.

വൈഗ സൂക്ഷിച്ചു നോക്കി. ആ കുഞ്ഞിന്റെ ശരീരത്തിൽ അവിടിവിടെയായി മുറിപാടുകൾ. ഈച്ച അരിക്കുന്നു. അവളുടെ കണ്ണുകൾ നിറഞ്ഞു. കുട്ടിയുടെ പേര് എന്താണെന്ന് ചോദിച്ചപ്പോൾ അവൾ പറഞ്ഞു, "കണ്ണൻ". അവൾ കൈ നീട്ടി ഭക്ഷണത്തിന് യാചിച്ചു. തന്റെ കൈയ്യിലെ പത്ത് രൂപയെ കുറിച്ച്
ഓർത്തു. അവൾ തൊട്ടടുത്ത പെട്ടിക്കടയിലേക്ക് ഓടി. അവിടെ നല്ല തിരക്ക്. വട വാങ്ങി. കണ്ണന്റെ സമീപമെത്തി. വട അവന്റെ നേർക്ക് നീട്ടി. അവൻ അത് വാങ്ങി; അവന്റെ കുഞ്ഞ് പെങ്ങൾക്ക് കൊടുത്തു. അവൾ അത് ആർത്തിയോടെ തിന്നു. വൈഗയുടെ മനസ്സ് അറിയാതെ അവൾ അനുഭവിക്കുന്ന സൗഭാഗ്യങ്ങളെ കുറിച്ച് ഓർത്തുപോയി. കണ്ണൻ പറഞ്ഞു "വാവയ്ക്ക്
ഇന്നലെ ഭക്ഷണം ഒന്നും കിട്ടിയില്ല. നല്ല പനിയുണ്ട്. ശരീരം മുഴുവൻ ഇന്നലെ വിറയ്ക്കുന്നുണ്ടായിരുന്നു. നിനക്ക് ഞങ്ങളെ സഹായിക്കാൻ കഴിയുമോ?"

അവളുടെ മനസ്സ് വല്ലാതെ തേങ്ങിപ്പോയി. അവൾ വീട്ടിൽ ചെന്ന് അച്ഛനെയും അമ്മയെയു അറിയിച്ചിട്ട് സഹായിക്കാം. അവൾ വീട്ടിലേക്ക് ഓടി. ഓടുന്നതിനിടയിൽ അവളുടെ ചിന്തകളെല്ലാം കണ്ണനെ എങ്ങനെയെങ്കിലും രക്ഷിക്കണമെന്നായിരുന്നു.

വൈഗ വീട്ടിലെത്തുമ്പോൾ അച്ഛനും അമ്മയും തമ്മിൽ വീട് പുതുക്കി പണിയുന്നതിനെ പുറിച്ചുള്ള സംസാരമായിരുന്നു. കുഞ്ഞമ്മയുടെ വീട്ടിലേക്ക്

പോയ അവളുടെ ഓടിവരവ് കണ്ട് അവർ എന്താ മടങ്ങിവന്നതെന്ന് ചോദിച്ചു. അവൾ വിവരമെല്ലാം അറിയിച്ചു. പരിപ്പുവട വാങ്ങിക്കൊടുത്തതിൽ അവർ വൈഗയെ അഭിനന്ദിച്ചു. ആശുപത്രിയിൽ കൊണ്ടുപോകുന്നതിനോട് അവർക്ക് യോചിപ്പില്ലായിരുന്നു. അവൾ അച്ഛന്റെയും അമ്മയുടെയും കാല് പിടിച്ച് പറഞ്ഞു. "ഇതുപോലെ എല്ലാവരെയും സഹായിക്കാൻ നിന്നാൽ നമ്മുടെ ആവശ്യങ്ങൾ എങ്ങനെ നിറവേറ്റും? അവരുടെ കാര്യം അവർ നോക്ക്ക്കൊള്ളും. ആ നീ കുഞ്ഞമ്മയുടെ വീട്ടിൽ പോയില്ലേ?"

അവരുടെ സ്നേഹം മണ്ണിനോടായിരുന്നു. മനുഷ്യനോടല്ല. അവൾക്ക് വല്ലാതെ അമർഷം തോന്നി. ഇന്നത്തെ സമൂഹത്തിന്റെ മനോഭാവം!

അവൾ വീണ്ടും ഇറങ്ങി നടന്നു. കണ്ണൻ ഇരിക്കുന്ന സ്ഥലമായിരുന്നു ലക്ഷ്യം. വൈഗ അവിടെ എത്തുമ്പോൾ കണ്ണൻ ഇരുന്ന സ്ഥലത്ത് ഒരാൾക്കൂട്ടം രൂപപ്പെട്ടിരിക്കുന്നു. അവൾ കാര്യം അന്വേഷിച്ചപ്പോൾ ഒരാൾ പറഞ്ഞു "ഇവിടെ ഇരുന്ന രണ്ട് കുട്ടികളിൽ ഒരാൾ മരിച്ചുപോയി."

അവളുടെ നെഞ്ചിലൂടെ ഒരിടിവാൾ പാഞ്ഞുപോയി. ചങ്ക് വല്ലാതെ പിടഞ്ഞു. വൈഗ തിരിഞ്ഞു നടന്നു. വീട്ടിലെത്തിയ അവൾക്ക് ഒന്നിനോടും താത്പര്യം തോന്നിയില്ല. അത്താഴം കഴിക്കാൻ അമ്മയും അച്ഛനും വിളിച്ചു. അവൾ അത്താഴം വേണ്ടെന്ന് തീർത്തു പറഞ്ഞു.

" ഓ, അവരെ, ആ തെരുവിൽ കിടന്നവരെ സഹായിക്കാത്തതിനായിരിക്കും ഇന്നത്തെ അത്താഴപ്പട്ടിണി. വാശി കളഞ്ഞിട്ട് വന്ന് ഭക്ഷണം കഴിക്ക്."

വൈഗ അവർക്ക് ചെവി കൊടുത്തതേയില്ല. നേരം പുലർന്നപ്പോൾ അവൾ കണ്ണനെ കാണാൻ റോഡിലേക്ക് ഓടി. കണ്ണൻ അവിടെ ചങ്ക് പൊട്ടിക്കരയുന്ന രംഗമാണ് അവളുടെ ദൃശ്യത്തിൽ ആദ്യം തെളിഞ്ഞത്.

അവൾ അവന്റെ അടുത്ത് ചെന്ന് ഉണങ്ങിയ മുടിയിലൂടെ തഴുകി. എന്നിട്ട് വാവയെ അലിടെയെല്ലാം തിരഞ്ഞു. അത് കണ്ടിട്ടാവണം കണ്ണൻ പറഞ്ഞു "വാവ പോയി, ഞാൻ ഒറ്റയായി. ഈ ഭൂമിയിൽ എനിക്കിനി ആരാ ഉള്ളേ..." വൈഗയുടെ ഹൃദയം വിങ്ങി. തല പൊട്ടി പൊളിഞ്ഞതുപോലെ... ദേഹമെല്ലാം വിറയ്ക്കുന്നു. അവൾക്ക് അവനെ എങ്ങനെ സമാധാനിപ്പിക്കണമെന്നറിയില്ല. വാവ എവിടെ എന്ന് ചോദിച്ചു.

അപ്പോൾ അവൻ വേറൊരു മനോഭാവത്തിൽ;

*സ്നേഹമാണോ, ദുഃഖമാണോ, ദേഷ്യമാണോ, എന്നറിയില്ല. "വാവയെ ആശുപത്രിയിൽ നിന്നിറക്കണമെങ്കിൽ പൈസ കൊടുക്കണം. എന്തെന്നറിയുല്ല. ആശുപത്രിയിലെത്തിയപ്പോൾ ശ്വാസമുണ്ടായിരുന്നോ? ദേവീ! ഇവിടെ കൊണ്ടുവന്നാലും എന്റെ വാവയെ എവിടെ കിടത്തി യാത്ര അയയ്ക്കും? അതിനാരു ഭൂമി തരും?"*

*അവന്റെ മാനസികാവസ്ഥ ആലോചിച്ചപ്പോൾ വൈഗയുടെ ഉള്ള് പിടഞ്ഞു പോയി. ഇതുപോലെയുള്ള പിഞ്ചുബാല്യങ്ങളുടെ ദാരുണ സംഭവങ്ങൾക്ക് എന്ന് അറുതി വരുമെന്ന് അവൾ ആ നിമിഷത്തിൽ ചിന്തിച്ചു.*





# ലിറ്റിൽ കൈററ്സ് സ്കൂൾ തല ക്യാംപ്





# ജി. വി. എച്ച്. എസ്സ്. എസ്സ്.

# കൊറ്റൻകുളങ്ങര

# ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ്







# അവാർഡുകൾ അനുമോദനങ്ങൾ



സംസ്ഥാന സ്കൂൾ ഗെയിംസിൽ സീനിയർ പെൺകുട്ടികളുടെ കരാട്ടെയിൽ രണ്ടാം സ്ഥാനം നേടിയ കാവ്യശ്യാം (ചവറ കൊറ്റൻകുളങ്ങര ഗവ. വിഎച്ച്എസ്എസ് പ്ലസ് വൺ വിദ്യാർഥി)


# മികവുകൾ



**അനശ്വര . പി . അനിൽ**

സംസ്ഥാന സ്കൂൾ കലോത്സവത്തിൽ
കുച്ചിപ്പുടി, ഭരതനാട്യം
എന്നിവയ്ക്ക് എ ഗ്രേഡ്



**അഖിൽ സി**
**നന്ദന പ്രദീപ്**
**രേഷ്മ എസ്സ്**

സംസ്ഥാന സ്കൂൾ കായിക മേളയിൽ
പങ്കെടുത്തവർ

## സംസ്ഥാന ശാസ്ത്രമേള ശാസ്ത്രമാഗസിൻ A ഗ്രേഡ്





## സംസ്ഥാന ഗണിതശാസ്ത്രമേള A ഗ്രേഡ് **നന്ദനാ ബൈജു**



# കനലുകൾ*

കെ നടരാജൻ

മലയാളം അദ്ധ്യാപകൻ





കറകടിക്കുന്ന ജീവനിൽ തീക്കടൽ
കനലു മാത്രമായ് തിന്നു തുപ്പുമ്പോഴും
ചെറുകുടത്തിൽ നിറയ്ക്കുവാനുള്ള പാഴ്-
തടിയിതെന്ന് തിരിച്ചറിയുമ്പോഴും
അറിയുവാൻ വയ്യൊരിഷ്ടത്തിനമ്പുകൾ
അകലെ നിൻനേർക്കിതെന്നോ പതിക്കവേ
പ്രണയ മന്ത്രമായിറ്റു ചാരങ്ങളിൽ
പുനർ ജനിക്കുന്നിതെന്റെ നാമാക്ഷരം

* വിദ്യാരംഗം കലാവേദി കവിതാരചന മൽസരത്തിൽ(അധ്യാപക വിഭാഗം) സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനം നേടിയ കവിത

*കൊടിയൊരുഷ്ണം കടിച്ചു വറ്റിക്കുന്ന*

*തടിനിപോലെന്റെ ജീവിതം തീരിലും*

*കനവിലായിരം നക്ഷത്ര രാശിയായ്*

*നിറയെ പൂക്കുന്നിതെന്റെയാകാശങ്ങൾ*

*കടൽ നുരഞ്ഞ് പതഞ്ഞ് പൊന്തും പോലെ*

*കവിതയാർത്തലച്ചാഞ്ഞടിക്കുമ്പോഴും*

*പറയുവാൻ നല്ല വാക്കുകൾ കിട്ടാതെ*

*പതറുകയാണ് പ്രാണന്റെ നാവുകൾ*

*മരണമെല്ലാം കടിച്ചു കീറാൻ പെരും-*

*നഖവുമായെന്റെ ചുറ്റിലും നില്ക്കിലും*

*തല കടിച്ചു പറിക്കുന്ന ചിന്തകൾ*

*തുലയുവാനെന്നെ നോക്കിനിന്നീടിലും*

*ദഹന യന്ത്രത്തിലിറ്റു നീരില്ലാതെ*

*അരയുവാനായി വിധിക്കപ്പെടുമ്പോഴും*

*മുറിവിൽ നിന്നും മുറിവിലേക്കാഴ്ത്തുന്ന*

*കൊടിയവാളിനാൽ ഞാൻ നശിക്കുമ്പോഴും*

*ഇലയനങ്ങാതെ മൗനമായ് നീയെന്റെ*

ഹൃദയഭിത്തിയിൽ പെയ്തിറങ്ങുന്നതും
ഹിമകണത്തിന്റെ സാന്ത്വനസ്പർശമായ്
നിമിഷ വേഗത്തിൽ ഞാൻ തണുക്കുന്നതും
പറയുവാൻ നല്ല വാക്കുകൾ കിട്ടാതെ
പതറുകയാണ് പ്രാണന്റെ നാവുകൾ

ഇരുളിൽ വീണു മരിച്ചവർ കൂട്ടമായ്-
നിലവിളിക്കും പോലെ തീവണ്ടിയൊച്ചകൾ
മുടിയുവാൻ തീർത്ത പാളത്തിൽ തേഞ്ഞുപോം
പകിടപോലുള്ള പാതാളജീവിതം
എവിടെയെത്തും ജരാനര യാത്രകൾ
എവിടെയാണെന്റെയന്തിമ വിശ്രമം
ഉലയിൽ വെന്തു മരിച്ചൊരെൻ ബാല്യങ്ങൾ-
ചിതലു തിന്നുപോം യൗവ്വന സന്ധ്യകൾ
ഉരുകയിയൊന്നായൊലിച്ചു പോകുന്നെന്റെ
തിമിരമേൽക്കുന്ന കൃഷ്ണമണികളിൽ
മറവിയിൽ മറഞ്ഞീടട്ടെ സർവ്വവും
മരണമേൽക്കാത്ത തീക്കനൽ ചിത്രവും
വിരഹമേൽക്കുന്ന ചെങ്കനൽ പാതയിൽ

പതിയിരിക്കുന്ന പ്രാണഭയങ്ങളും

തിളയിൽ വേവുന്ന നെഞ്ചിന്റെ ചൂടിനാൽ

തിരയടിക്കുന്നു രക്തനരമ്പുകൾ

തടി തളർന്ന് ഞാൻ വീണിട്ടും മുമ്പ് നിൻ

പിടിയിലല്ലോ മരിച്ചു ജനിക്കുന്നു



*independence day celebrations*






*മലയാളത്തിളക്കം*

# ക്ലബ് പ്രവർത്തനങ്ങൾ ദിനാചരണങ്ങൾ




















World
Music
Day


ARTS CLUB
ജൂൺ 21
ലോക സംഗീതദിനം
ജൂൺ 21
അന്താരാഷ്ട്ര യോഗ ദിനം
WORLD MUSIC DAY
MUSIC DAY
"MUSIC IS
A SAFE KIND
OF HIGH"




हिन्दी मंच @41084


INAUGURATION
HELLO ENGLISH








JUNE 26
ലോകലഹരിവിരുദ്ധ ദിനം





'**രജതം** 'കൂട്ടായ്മയുടെ വിജയമാണ്.

ഇത് ഇവിടെ പൂർണ്ണതയിലെത്തിയിരിക്കുന്നു.

ഈ വിജയം നമ്മുടേതാണ്.

എല്ലാത്തരത്തിലും മികവുറ്റതാക്കാൻ പരമാവധി

ശ്രമിച്ചിട്ടുണ്ട്.

ഡിജിറ്റൽ മാഗസിന്റെ പ്രവർത്തനവുമായി

സഹകരിച്ച എല്ലാവർക്കും **ടീം ലിറ്റിൽ കൈറ്റ്സി**ന്റെ

*നന്ദി...*